**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 552** **06-12-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ ക്ഷേമപെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നൽകിവരുന്ന സാമൂഹ്യ ക്ഷേമപെൻഷൻ നിലവിൽ എത്ര മാസം കുടിശ്ശികയുണ്ട്; വിശദമാക്കാമോ; | (എ) | കുടിശ്ശികയില്ല. |
| (ബി) | ക്ഷേമപെൻഷൻ നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും വിഹിതം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അനുപാതം എത്രയാണെന്നും ലഭിച്ച തുക എത്രയെന്നും വിശദമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് അഞ്ചിനം സാമൂഹ്യ സുരക്ഷാ പെൻഷനുകളിലായി ആകെ 5,238,279 ഗുണഭോക്താക്കളും, സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകളിലായി 736,216 ഗുണഭോക്താക്കളുമാണുള്ളത്. എന്നാൽ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്നിനം പെൻഷനുകൾ ലഭിക്കുന്ന 688,329 പേർക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്. ഓരോ ഇനം പെൻഷനും ലഭിക്കുന്ന കേന്ദ്രസഹായ നിരക്ക് **അനുബന്ധ**മായി ചേർക്കുന്നു. ഈ സാമ്പത്തിക വർഷം കേന്ദ്രസഹായമായി ഇതുവരെ തുകയൊന്നും ലഭിച്ചിട്ടില്ല.<br><br>ക്ഷേമനിധി ബോർഡ് പെൻഷനുകൾ നൽകുന്നതിനായി കേന്ദ്രസഹായം ലഭിക്കുന്നില്ല. |
| (സി) | പ്രതിമാസം എത്ര കോടി രൂപയാണ് പെൻഷൻ വിതരണത്തിനായി സംസ്ഥാനം ചെലവഴിക്കുന്നത്; വിശദമാക്കാമോ; | (സി) | 2022 സെപ്റ്റംബർ മാസത്തെ കണക്കു പ്രകാരം വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുന്നതിനായി 773.86 കോടി രൂപയും, സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ നൽകുന്നതിനായി 105.64 കോടി രൂപയും ചേർത്ത് ആകെ 879.51 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത തുക ഏത് രീതിയിൽ സമാഹരിക്കാനാണ് നിലവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്; | (ഡി) | പെൻഷൻ വിതരണ കമ്പനിയായ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള |

| | | | |
|---|---|---|---|
| | അറിയിക്കാമോ; | | ധനസഹായമായി സംസ്ഥാന സർക്കാർ 2022-23-ലെ ബഡ്ജറ്റ് വിഹിതമായി 10793.51 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നാണ് പെൻഷൻ നൽകുന്നതിനുള്ള തുക വിനിയോഗിക്കുന്നത്. |
| (ഇ) | സമയബന്ധിതമായി കുടിശ്ശിക ഉൾപ്പെടെ പെൻഷൻ എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (ഇ) | 2022 ഒക്ടോബർ നവംബർ മാസങ്ങളിലെ പെൻഷൻ ഡിസംബർ ഒന്നാംവാരം മുതൽ വിതരണം ചെയ്തു തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| പെൻഷൻ ഇനം | പെൻഷൻ ഉപ വിഭാഗം | പ്രതിമാസ സംസ്ഥാന വിഹിതം (രൂപ) | പ്രതിമാസ കേന്ദ്ര വിഹിതം (രൂപ) | ആകെ (രൂപ) |
|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 80 വയസ്സിന് താഴെ | 1400 | 200 | 1600 |
| | പ്രായം 80 വയസ്സും അതിനു മുകളിലും | 1100 | 500 | 1600 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | അംഗപരിമിതി 80% ത്തിൽ കുറവ് (80 വയസ്സിനു താഴെ) | 1600 | ഇല്ല | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സു മുതൽ 80 വയസ്സിനു താഴെ വരെ) | 1300 | 300 | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (80 വയസ്സും അതിനു മുകളിലും) | 1100 | 500 | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സിനു താഴെ) | 1600 | ഇല്ല | 1600 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 40 വയസ്സിൽ താഴെ | 1600 | ഇല്ല | 1600 |
| | 40 വയസ്സു മുതൽ 80 വയസ്സിനു താഴെ വരെ | 1300 | 300 | 1600 |
| | 80 വയസ്സും അതിനു മുകളിലും | 1100 | 500 | 1600 |
| കർഷക തൊഴിലാളി പെൻഷൻ | | 1600 | ഇല്ല | 1600 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 1600 | ഇല്ല | 1600 |